# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 15/09/2021

## കൊട്ടിയത്തെ സൈക്കിൾ മോഷ്ടാവ് പോലീസ് പിടിയിൽ

കൊല്ലം : കൊട്ടിയം മയ്യനാട് പ്രദേശങ്ങളിൽ നിന്നും സൈക്കിൾ മോഷ്ടിച്ച് വിൽപ്പന നടത്തുന്നയാൾ പോലീസ് പിടിയിലായി. ആദിച്ചനല്ലൂർ തങ്കം ജംഗ്ഷന് സമീപം കാരാവിള വീട്ടിൽ നിന്നും മയ്യനാട് ആലുമ്മൂട് എ.എ. ഭവനിൽ താമസിക്കുന്ന ഭാസ്ക്കരൻ മകൻ സജി എന്ന സജികുമാർ (44) ആണ് പോലീസ് പിടിയിലായത്. കഴിഞ്ഞ കുറെ നാളുകളായി പോലീസിനും ജനത്തിനും തലവേദന സൃഷ്ടിച്ച സൈക്കിൾ മോഷ്ടാവാണ് ഒടുവിൽ പോലീസ് പിടിയിലായത്. കൊട്ടിയം മയ്യനാട് പ്രദേശങ്ങളിലെ വീടുകളുടെ പോർച്ചിലും മുറ്റത്തും പൂട്ടി സൂക്ഷിക്കുന്ന സൈക്കിളുകളാണ് ഇയാൾ മോഷ്ടിക്കുന്നത്. വീടിന്റെ പരിസരത്ത് വച്ച് തന്നെ പൂട്ട് തകർത്ത് സൈക്കിൾ കൈകലാക്കുകയാണ് പതിവ്. സൈക്കിൾ മോഷണത്തിന് ആളുകൾ പരാതിപ്പെടാത്തത് ഇയാൾക്ക് തുണയാകുകയായിരുന്നു. പത്താം ക്ലാസ് ജയിച്ചതിന് മകനായ അൽ അമീന് സമ്മാനിച്ച തന്റെ പുതിയ സൈക്കിൾ മോഷണം പോയതായി ഉമയനല്ലൂർ വടക്കുംകര കിഴക്ക് പാർക്ക്മുക്കിന് സമീപം നജീം നൽകിയ പരാതിയിലാണ് അറസ്റ്റ്. സൈക്കിൾ മോഷണങ്ങൾ ശ്രദ്ധയിൽപ്പെട്ട ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ് പ്രദേശത്ത് രാത്രികാലങ്ങളിൽ അധിക പോലീസ് പട്രോളിംഗ് ഏർപ്പെടുത്തി നടത്തിയ നിരീക്ഷണത്തിലാണ് ഇയാൾ പോലീസ് പിടിയിലായത്. മോഷണത്തിനായി നിരത്തിലിറങ്ങിയ ഇയാൾ പോലീസിനെ കണ്ട് രക്ഷപെടാൻ ശ്രമിച്ചുവെങ്കിലും പിടിയിലാവുകയായിരുന്നു. കൊട്ടിയം ഇൻസ്പെക്ടർ എം.സി ജിംസ്റ്റൽ, എസ്സ്.ഐ മാരായ സുജിത്ത് ജി നായർ, ഗിരീശൻ.ഡി, ജോയി, ജി.എ.എസ്.ഐ മധു, സി.പി.ഓ മാരായ അമിൽ പ്രസാദ്, അഖിൽ രാജ്, ധനേഷ്കുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.



സജികുമാർ (44)